(Pages : 4)

BISHOP MOORE COLLEGE LIBRARY
MAVELIKARA
PIN: 690110
KERALA

**P – 1124**

Reg. No. : ..............................

Name : ...................................

# Second Semester B.A. Degree Examination, September 2022

## First Degree Programme under CBCSS

## Malayalam : Language, Culture and Literature

## Core Course II

## ML 1241 : നാടകം, ചരിത്രം, പാഠം, പ്രയോഗം

## (2020 Admission)

Time : 3 Hours

Max. Marks : 80

I. ഒരു വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

1. മലയാളത്തിലെ ആദ്യത്തെ സ്വതന്ത്രസാമൂഹികനാടകമെന്നു കരുതപ്പെടുന്ന മറിയാമ്മ എഴുതിയതാരാണ്?

2. വ്യായോഗം എന്നാലെന്ത്?

3. '[illegible]' എന്ന പേരിൽ അറിയപ്പെടുന്നതാര്?

4. 'ചവിട്ടുനാടകം' എന്ന പുസ്തകത്തിന്റെ രചയിതാവ്?

5. യുനെസ്കോയുടെ പൈതൃകപ്പട്ടികയിൽ ഇടംപിടിച്ച ഇന്ത്യൻ കലാരൂപമേത്?

6. നാടകത്തെക്കുറിച്ച് ആദ്യമായൊരു പരാമർശം നമുക്കു ലഭിക്കുന്നത് ഒരു കാളിദാസകൃതിയിൽ നിന്നാണ്. ഏതാണ് ആ കാളിദാസകൃതി ?

7. അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് എന്ന നാടകത്തിന്റെ രചയിതാവ് ആര് ?

8. ദേശീയവിദ്യാലയങ്ങളുടെ മാതൃകയിൽ വെള്ളിക്കോത്ത് തുടങ്ങിയ സ്കൂളിന് കേളുനായർ നിർദ്ദേശിച്ച പേരെന്തായിരുന്നു ?

P.T.O.

9. 1989 ൽ ഏറ്റവും മികച്ച ചലച്ചിത്രനടനുള്ള ദേശീയ അവാർഡ് ലഭിച്ചതാർക്കായിരുന്നു ?

10. സി.എൻ. ശ്രീകണ്ഠൻ നായരുടെ രാമായണനാടകത്രയത്തിലെ നാടകങ്ങൾ ഏവ ?

**(10 × 1 = 10 Marks)**

II. ഒരു ഖണ്ഡികയിൽ കവിയാതെ **എട്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

11. 'ആദർശവാദത്തിന്റെ അനിവാര്യമായ ദുരന്തമാണ് ഇബ്സന്റെ ജനശത്രുവിലെ പ്രമേയം.' വ്യക്തമാക്കുക.

12. ജി. ശങ്കരപ്പിള്ള കറുത്ത ദൈവത്തെത്തേടി എന്ന നാടകത്തിലൂടെ അവതരിപ്പിക്കുന്ന പ്രമേയം ചുരുക്കി വിവരിക്കുക.

13. "കച്ചത്തോർത്തോ പട്ടോ ഞാൻ തോളിലിടുന്നതെന്ന് അന്യർക്കന്വേഷിക്കേണ്ട ആവശ്യമില്ല. നിങ്ങടെ പരിഷ്കാരമല്ല എന്റെ പരിഷ്കാരം" കന്യക എന്ന നാടകത്തിലെ ഈ സംഭാഷണത്തിന്റെ സന്ദർഭമേത്? ആഖ്യാതാവാര്?

14. നാടകരംഗത്തെ ജീർണ്ണതയ്ക്കെതിരെ രചിക്കപ്പെട്ട മൂന്നു നാടകങ്ങളെയും അവയുടെ രചയിതാക്കളെയും പരിചയപ്പെടുത്തുക.

15. മറിയാമ്മ നാടകത്തിലെ സാറാമ്മയുടെ കഥാപാത്രചിത്രണത്തിലെ സവിശേഷതകൾ വ്യക്തമാക്കുക.

16. മലയാളത്തിലെ പ്രഹസനങ്ങളുടെ ചരിത്രപരമായ പ്രാധാന്യം ചുരുക്കി വിവരിക്കുക.

17. മലയാളത്തിലെ രാഷ്ട്രീയനാടകങ്ങൾ കൈകാര്യം ചെയ്ത പ്രധാന വിഷയമെന്ത്?

18. കവിത്വം നാടകീയാവിഷ്കാരത്തിന് അനുഗ്രഹമായിത്തീരുന്നതിന്റെ ഉത്തമോദാഹരണമാണ് സമത്വവാദി. വിശദമാക്കുക.

19. "ശക്തി സ്വരൂപിണി ! സുന്ദരി ! ഉണരൂ ! സാകേതം നിന്റെ കല്പന കാത്തു നിൽക്കുന്നു" ആരുടെ വാക്കുകളാണിവ? ആരോടാണ് പറയുന്നത്?

20. 'ഒരു ജീവൻ, കുഞ്ഞിച്ചിറകുകൾ വിരുത്തി പുറത്തുവരാൻ വെമ്പി നിൽക്കുന്ന ഒരു ജീവൻ. എന്തൊരത്ഭുതം!' - ഈ വാക്കുകളുടെ ധ്വനി നാടകബീജത്തോട് എങ്ങനെയാണ് യോജിക്കുന്നത്?

21. "ഛന്ദസ്സിൽ പാടിത്തീർക്കാൻ പറ്റാത്ത ഒന്നേ എനിക്കുള്ളൂ-കേമദ്രുമയോഗക്കാരനായ എന്റെ ജീവിതം" - ഈ സംഭാഷണത്തിന്റെ സന്ദർഭവും സ്വാരസ്യവും വ്യക്തമാക്കുക.

22. 'കഥാകഥനത്തിന്റെ ഭാരതീയപാരമ്പര്യത്തെ നാടകീയമായി ആവിഷ്കരിക്കുവാൻ കാവാലത്തിന് ദൈവത്തെ തേടി എന്ന നാടകത്തിന് സാധിച്ചിരിക്കുന്നു.' പി. ബാലചന്ദ്രന്റെ ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

23. 'എന്റെ കാര്യം ഞാനാ നിശ്ചയിക്കാ' എന്ന് തിരിഞ്ഞ് നിന്ന് പറയാൻ തക്കരീതിയിൽ വിദ്യാഭ്യാസവും ലോകപരിചയവും നേടിയവളാണ് ഈ നാടകത്തിലെ നായിക. ആരെക്കുറിച്ചാണ് പറയുന്നത്? നാടകം ഏതാണ്?

24. ഇന്നിതു കിനാവെങ്കിൽധന്യമാണജാഗരം

പിന്നെ വിഭ്രമമാകിൽ വാഴ്ക വിഭ്രമം നീണാൾ !

വാഴ്ക വിഭ്രമം നീണാൾ എന്ന് രാജാവ് പ്രാർത്ഥിക്കാനിടയായ സംഭവം എന്തായിരുന്നു?

25. "പറഞ്ഞു തരുന്നതു കൊണ്ട് വിശേഷമൊന്നുമില്ല. നിനക്കു മനസ്സിലാവുകയില്ല. കാണിച്ചു തരാം." ശിഷ്യന് മനസ്സിലാവാത്തതായി ഗുരു പറഞ്ഞ കാര്യമെന്തായിരുന്നു? ഈ സംഭാഷണം ഏത് നാടകത്തിലേതാണ്?

26. നാടകവുമായി ബന്ധപ്പെട്ട് പ്രൊസീനിയം എന്ന പദത്തിലൂടെ അർത്ഥമാക്കുന്നതെന്താണ്?

**(8 × 2 = 16 Marks)**

III. നൂറ്റിയിരുപതു വാക്കിൽ കവിയാതെ ആറ് ചോദ്യത്തിന് ഉത്തരമെഴുതുക.

27. ലേബർ റൂം എന്ന നാടകത്തിന്റെ ശീർഷകത്തിന്റെ ധ്വനനശേഷിയെക്കുറിച്ച് വിവരിക്കുക.

28. 'ക്രമാനുഗതമായ നാടകശൈലീവികാസമല്ല മലയാളനാടകവേദിയിൽ സംഭവിച്ചത് എന്നതിന്റെ ഉത്തമോദാഹരണമാണ് സമത്വവാദി.' - നിങ്ങളുടെ പ്രതികരണം എഴുതുക.

29. ഒരു യഥാർത്ഥപൗരൻ ജനശത്രുവായി ചിത്രീകരിക്കപ്പെടുന്നതിന്റെ ചിത്രം ഇബ്സന്റെ ജനശത്രു എന്ന നാടകത്തിലൂടെ കാണാം. വിലയിരുത്തുക.

30. ഭാസന്റെ കലാവൈഭവത്തിന് ഒന്നാന്തരമുദാഹരണമാണ് സ്വപ്നവാസവദത്തത്തിലെ ബ്രഹ്മചാരിയുടെ അവതരണം - സമർത്ഥിക്കുക.

31. യോഗക്ഷേമനാടകങ്ങളെല്ലാം മനുഷ്യക്ഷേമത്തിന് വഴിയൊരുക്കുന്ന നാടകങ്ങളാണ് - വിലയിരുത്തുക.

32. അടിച്ചമർത്തപ്പെട്ട ജന്മവാസനയുടെ ഭീകരമായ സ്ഫോടനത്തെ ശക്തമായി ചിത്രീകരിക്കുന്ന നാടകമാണ് കന്യക - സമർത്ഥിക്കുക.

33. ഭ്രമാത്മക നാടകവേദി (Illusionist Theatre) യുടെ ആദർശത്തെ തകർക്കുന്നതാണ് സി.ജെ. തോമസ്സിന്റെ 1128 ൽ ക്രൈം 27. വിശദമാക്കുക.

34. കേരളത്തിന്റെ കൂടിയാട്ടപാരമ്പര്യത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

35. മറ്റ് സാഹിത്യകലാകാരന്മാരെ അപേക്ഷിച്ച് നാടകകർത്താവിനുള്ള പരിമിതികൾ എന്തൊക്കെയാണ്?

36. മലയാളനാടകചരിത്രത്തിൽ സവിശേഷസ്ഥാനമുറപ്പിച്ചിട്ടുള്ള കൃതിയാണ് സദാരാമ. വിശദീകരിക്കുക.

37. ക്രൈസ്തവസമൂഹത്തിലെ അനാശാസ്യതകളെയും അനാചാരങ്ങളെയും വിമർശനശരത്താൽ നിഹനിച്ചു ദുരീകരിക്കാനാണ് മറിയാമ്മ എന്ന നാടകത്തിലൂടെ കൊച്ചീപ്പൻ തരകൻ ശ്രമിച്ചത്. സി.ജെ. മണ്ണുമ്മൂടിന്റെ ഈ അഭിപ്രായത്തോടുള്ള നിങ്ങളുടെ പ്രതികരണം എഴുതുക.

38. നാടകവേദിയുടെ അനന്തസാദ്ധ്യതകളറിയുന്ന ഒരു നാടകകൃത്ത് മിതഭാഷിയായി മാറുന്നതെങ്ങനെയെന്നു തെളിയിക്കുന്ന നാടകമാണ് കറുത്ത ദൈവത്തെത്തേടി. പരിശോധിക്കുക.

**(6 × 4 = 24 Marks)**

V. മൂന്നു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

39. 'ഓർമ്മകൾ ഉണ്ടായിരിക്കണം എന്ന് ജനതയെ ഓർമ്മിപ്പിക്കുന്ന കല ഏറ്റവും വലിയ സാംസ്കാരികാവശ്യങ്ങളിലൊന്നാണ്. ഈ ആവശ്യം ഭംഗിയായി നിറവേറ്റിയിരിക്കുന്ന നാടകമാണ് കേള്വ്'. എൻ. പ്രഭാകരന്റെ ഈ അഭിപ്രായം എത്രത്തോളം സാധുവാണ്? - സമർത്ഥിക്കുക.

40. കേരളത്തിന്റെ വിപുലമായ നാട്യകലാപാരമ്പര്യത്തെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.

41. 'ഭാസന്റെ അസാമാന്യമായ ശില്പസാമർത്ഥ്യം ഏറ്റവുമധികം തെളിഞ്ഞു നിൽക്കുന്ന കൃതിയാണ് സ്വപ്നവാസവദത്തം' - സ്വപ്നവാസവദത്തത്തിന്റെ അഞ്ചാമങ്കത്തെ അധികരിച്ച് ചർച്ച ചെയ്യുക.

42. 'കാമചാരിയായ ഒരു രാജാവിന്റെ പാപവൃത്തിക്കുള്ള കർമ്മഫലമാണ് പുത്രശോകഗതമായ മൃത്യു' - സി.എൻ. ശ്രീകണ്ഠൻ നായരുടെ സാകേതം എന്ന നാടകത്തെ അടിസ്ഥാനമാക്കി ഈ വാക്യത്തിന്റെ സാധുത ചർച്ച ചെയ്യുക.

43. സമൂഹത്തിന്റെ കപടമാന്യതയുടെ പേരിൽ ഒളിച്ചുവെക്കപ്പെട്ടതോ അടിച്ചമർത്തപ്പെട്ടതോ അവഗണിക്കപ്പെട്ടതോ ആയ സ്ത്രൈണാനുഭവങ്ങളുടെ ശക്തമായ ആവിഷ്കാരമാണ് ലേബർ റൂം എന്ന നാടകം. സമർത്ഥിക്കുക.

44. കുടുംബമെന്ന പരിമിതമായ ചുറ്റുപാടിൽ നിന്നു കൊണ്ടു തന്നെ മാനുഷികപ്രശ്നങ്ങളുടെ വിശാലമായ മേഖലയിലേക്ക് അനുവാചകരെ നയിക്കാനുതകുന്നവയായിരുന്നു എൻ. കൃഷ്ണപിള്ളയുടെ നാടകങ്ങൾ. കന്യക എന്ന നാടകത്തെ മുൻനിർത്തി ചർച്ച ചെയ്യുക.

**(2 × 15 = 30 Marks)**